പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5660

02/07/2014-ൽ മറുപടിയ്ക്ക്

**ക്ഷേത്രങ്ങളിലെ ആചാരസ്ഥാനീയർക്ക് സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. | |
| എ) | ഉത്തര മലബാറിലെ ക്ഷേത്രങ്ങളിലെയും കാവുകളിലെയും ആചാരസ്ഥാനീയർക്കും, കോലധാരികൾക്കും ഇപ്പോൾ സാമ്പത്തിക സഹായം നൽകുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | എ) | ഉത്തര മലബാറിലെ ക്ഷേത്രങ്ങളിലേയും കാവുകളിലേയും ആചാരസ്ഥാനീയർക്കും, കോലധാരികൾക്കും മലബാർ ദേവസ്വം ബോർഡ് മുഖേന പ്രതിമാസ ധനസഹായം നൽകുന്നുണ്ട്. നിലവിൽ 1804 ആചാരസ്ഥാനീയരെയും 367 കോലധാരികളെയും ഗുണഭോക്താക്കളായി അംഗീകരിച്ചിട്ടുണ്ട്. ഇവരുടെ ഒരു മാസത്തെ ധനസഹായ വിതരണത്തിനാവശ്യമായ തുക 17,00,100/- രൂപയാണ്. |
| ബി) | ഈ ഇനത്തിൽ എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ; | ബി) | 2013-14 മുതലുള്ള ധനസഹായം കുടിശ്ശികയായുണ്ട്. 2014-15 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ച ഒരു കോടി രൂപ മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ പേരിൽ കോഴിക്കോട് ജില്ലാ ട്രഷറിയിലുള്ള ടി.എസ്.ബി. 5626 അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | ഈ ധനസഹായ പദ്ധതിയിൽ കൂടുതൽപേരെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | സി) | പുതിയ അപേക്ഷകൾ ക്ഷണിച്ചിട്ടില്ല. |
| ഡി) | ഇവർക്കുള്ള ധനസഹായ പദ്ധതിയിലെ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | ഡി) | കോലധാരികൾ, ആചാരസ്ഥാനീയർ എന്നിവർക്ക് നിലവിൽ യഥാക്രമം നൽകി വരുന്ന പ്രതിമാസ ധനസഹായം 700/- രൂപ, 800/- രൂപ എന്നിങ്ങനെയാണ്. ഈ തുകകൾ 900/- രൂപ, 1000/- രൂപ എന്ന നിരക്കിൽ വർദ്ധിപ്പിക്കുന്നതിനും, 2014-15 സാമ്പത്തിക വർഷം ഈ ഇനത്തിൽ 3 കോടി രൂപ അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ